**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **06-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ചചെയ്യുന്നതിനായി 30.08.2021 ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത 30/8/2021-ലെ യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സമർപ്പിച്ചിട്ടില്ല. 30/08/2021-ന് നടന്ന യോഗ തീരുമാന പ്രകാരം സമഗ്ര റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | സമർപ്പിച്ചിട്ടില്ല. 30/08/2021-ന് നടന്ന യോഗ തീരുമാന പ്രകാരം സമഗ്ര റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ഡി) | 30.08.2021 ലെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

30/08/2021-ാം തീയതി 9.30 മണിക്ക് എറണാകുളം ഗസ്റ്റ്ഹൗസിൽ ബഹു: ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ, ബഹു:വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി.ആർ.രാജീവ്, വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ എന്നിവർ ചേർന്ന് കളമശ്ശേരി വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ യോഗ തീരുമാനങ്ങളുടെ മിനിറ്റ്സ്

പങ്കെടുത്തവർ

1. കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ്
2. കരുമാല്ലൂർ പഞ്ചായത്ത് പ്രസിഡന്റ്
3. ആലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ്
4. മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ്

തീരുമാനങ്ങൾ

1. .AS ലഭിച്ച കാലപ്പഴക്കം ചെന്ന AC പൈപ്പ് (250mm AC ആലങ്ങാട് പമ്പിങ്ങ് മെയിൻ, 350mm AC മാഞ്ഞാലി പമ്പിങ്ങ് മെയിൻ) മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി രണ്ട് ആഴ്ചയ്ക്കകം ടെൻഡർ നടപടികൾ പൂർത്തിയാക്കി, ടി പ്രവർത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് മിനിസ്റ്റർ അറിയിച്ചു.

2. ചൊവ്വര ശുദ്ധീകരണശാലയുടെ നവീകരണം അടങ്കലോടുകൂടിയ പ്രൊപ്പോസൽ 5th SLSC-യിൽ സമർപ്പിക്കാൻ മിനിസ്റ്റർ നിർദ്ദേശിച്ചു.

3. വൈപ്പിൻ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് പത്ത് ദിവസത്തിനകം മിനിസ്റ്ററുടെ ഓഫീസിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

4. കളമശ്ശേരി, ഏലൂർ മുനിസിപ്പാലിറ്റികളുടെ കുടിവെള്ള പ്രശ്നത്തിനുള്ള ശാശ്വത പരിഹാരമായ 143mld WTP-യുടെ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുക.

5. WTP-യുടെ പ്രവൃത്തി പുരോഗമിക്കുന്നതോടൊപ്പം തന്നെ കളമശ്ശേരി ഏലൂർ മുനിസിപ്പാലിറ്റികളുടെ വിതരണ ശൃംഖല കൂടി ഡിസൈൻ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുക

6. State Plan 2019-20-ൽ ലഭിച്ചിട്ടുള്ള HMT Store മുതൽ പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുക.

7. കളമശ്ശേരി ഏലൂർ മുനിസിപ്പാലിറ്റികളിൽ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പ്രവൃത്തികൾക്കുള്ള proposal സമർപ്പിക്കുക.

8. ഏലൂർ സൗജന്യ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് മുനിസിപ്പൽ ചെയർമാൻ ചൂണ്ടി കാണിച്ച ബില്ലിങ്ങിലെ slab സിസ്റ്റത്തിലുള്ള വ്യത്യാസം പരിശോധിക്കുക.

9. സൗജന്യ കുടിവെള്ള പദ്ധതിയുമായി കമ്പനികളിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട വാട്ടർ ചാർജ്ജ് ലഭ്യമാക്കേണ്ടതിന് ബന്ധപ്പെട്ടവരുമായി കൂടിആലോചന നടത്തി ചാർജ്ജ് അടപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

**സെക്ഷൻ ഓഫീസർ**